LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളായ വേശ്യാവൃത്തി, ബാലവേല, ബാലഭിക്ഷാടനം, അവയവ കച്ചവടം, മനുഷ്യക്കടത്ത്, ലൈംഗിക ചൂഷണം എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ഇല്ലാതാക്കുന്നതിനുമായി Anti Human Trafficking Unit (AHTU)-കൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. പൊതുസ്ഥലങ്ങളിലും ജോലി സ്ഥലങ്ങളിലും ടെയിനുകളിലും മറ്റ് വാഹനങ്ങളിലും സ്ത്രീകൾക്ക് നേരെ അതിക്രമങ്ങൾ ഉണ്ടാകാതെ തടയുന്നതിനായി വനിതാ പോലീസുദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ കുറിച്ച് അവരെ ബോധവതികളാക്കുന്നതിനായി ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധസംഘടനകൾ എന്നിവയുമായി സഹകരിച്ച് സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്. പെൺകുട്ടികളുടെ സുരക്ഷയ്ക്കായി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും മുതിർന്ന പൗരന്മാരുടെ ക്ഷേമകാര്യങ്ങൾക്കും സംരക്ഷണത്തിനുമായി വയോജനങ്ങളെക്കൂടി ഉൾപ്പെടുത്തി വാളന്റിയർ കമ്മിറ്റികൾ രൂപം കൊടുത്തിട്ടുണ്ട്. പ്രധാന സ്ഥലങ്ങളിലും വാഹനങ്ങളിലും മറ്റും ചൈൽഡ് ലൈൻ 1098 വനിതാ ഹെൽപ്പ് ലൈൻ 1091 എന്നീ ടെലഫോൺ നമ്പരുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷയ്ക്കായിട്ടുള്ള നിർഭയ പദ്ധതി പ്രാരംഭഘട്ടത്തിലാണ്. കുട്ടികൾക്കെതിരെയും മുതിർന്ന പൗരൻമാർക്കെതിരെയുമുള്ള അതിക്രമങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾക്ക് പുറമേ യഥാക്രമം POCSO Act, Senior Citizens Act എന്നിവ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫോറൻസിക് സയൻസ് ലബോറട്ടറി വഴിയും കെമിക്കൽ എക്സാമിനേഷൻ വഴിയും മറ്റും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുവാനുള്ള ശാസ്ത്രീയ മാർഗ്ഗം സ്വീകരിച്ചുവരുന്നു.

കടുത്തുരുത്തിയിൽ പുതിയ പോലീസ് സ്റ്റേഷൻ

221 (227) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നടപ്പ് വർഷം പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പുതുതായി പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ആഭ്യന്തര വകുപ്പിന്റെ പക്കൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷന്റെ വെഹിക്കിൾ ഷെഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 9639/E/Home/2015 ഫയലിൽ പി.എച്ച്.കു.-വിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എത്രയും വേഗം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആസ്തി വികസന ഫണ്ട് വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പി.എച്ച്.കു. റിപ്പോർട്ട് ആവശ്യമായിട്ടുണ്ടോ?

ഉത്തരം

(എ) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് ഒരു പഠനം നടത്തി വരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമെങ്കിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(ബി) ലഭിച്ചിട്ടില്ല. ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽപ്പെട്ട മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷന്റെ നവീകരണം സംബന്ധിച്ച പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറിൽനിന്നും ലഭിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് പര്യാപ്തമാണോയെന്ന് അറിയിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വകുപ്പുതലത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ക്രിമിനൽക്കേസുകൾ

222 (228) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ എത്ര ക്രിമിനൽക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ മോഷണം, കവർച്ച, പിടിച്ചുപറി, ഭവനഭേദനം, ദേവാലയ കവർച്ച എന്നീ ഇനങ്ങളിൽ ഓരോന്നിലും എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ;

(സി) ഇതിൽ ഓരോ വിഭാഗത്തിലും അന്വേഷണം പൂർത്തിയാക്കി പ്രതികൾ ശിക്ഷിക്കപ്പെട്ടത് എത്രയെണ്ണമുണ്ട് എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly